ARTICLE

# വിമതരാഷ്ട്രീയത്തിന്റെ പ്രതിധ്വനികൾ സമകാലകഥകളിൽ

പ്രിൻസ് മോൻ ജോസ്

**സംഗ്രഹം**

സമൂഹത്തിന്റെ അന്തർധാരകളായ പൂർവ്വകാല ധാരണകളും വിശ്വാസങ്ങളും പക്ഷപാതപരമായി ചില വിഭാഗങ്ങളെ മാത്രമാണ് പ്രതിനിധാനം ചെയ്യുന്നതും സംരക്ഷിക്കുന്നതും. അതിനു പ്രത്യാഘാതമെന്നോണം അരികുവത്ക്കരിക്കപ്പെടുന്ന ഒരു ജനവിഭാഗം ഇവിടെ സൃഷ്ടിക്കപ്പെടുന്നു. ചരിത്രത്തിലുടനീളം ഇങ്ങനെ തിരസ്കൃതരായിട്ടുള്ളവർ നിരവധിയാണ്. ഈ തിരസ്കൃതരുടെ മുഖ്യധാരാപ്രവേശനവും ആത്മകഥനങ്ങളും വർത്തമാനകാലത്തിന്റെ ശബ്ദമാണ്. ഒരു കാലത്ത് നിശബ്ദമാക്കപ്പെട്ടതിന്റെ രോഷവും അതിൽനിന്നാർജ്ജിച്ച ആത്മവീര്യവും ഇവരുടെ മുന്നേറ്റങ്ങൾക്ക് ഗതിവേഗം നല്കുന്നു. സ്ത്രീയും പ്രകൃതിയും ദളിതനും ഭിന്നലിംഗക്കാരുമെല്ലാം സമകാലത്തിൽ ഇപ്രകാരം സ്വത്വം കണ്ടെത്തുകയും നവരാഷ്ട്രീയത്തിന്റെ വിഹായസിനെ വിസ്തൃതമാക്കുകയും ചെയ്ത വരാണ്. ഇതിൽ ഭിന്നലൈംഗികതയുടെ വൈവിധ്യഭാഷ്യങ്ങളെയും അവ മുന്നോട്ടുവയ്ക്കുന്ന രാഷ്ട്രീയത്തേയും കഥകൾ എങ്ങനെ അടയാളപ്പെടുത്തുന്നു എന്നത് നൂതനപഠനമേഖലയാണ്. ഇവയുടെ അന്വേഷണമാണ് ഈ പഠനം മുന്നോട്ടുവയ്ക്കുന്നതും.

**താക്കോൽവാക്കുകൾ**

വിമതരാഷ്ട്രീയം, സ്വത്വവൈചിത്ര്യം, തിരസ്കൃതർ, അരികുവത്ക്കരിക്കുക, ഭിന്നലിംഗരാഷ്ട്രീയം.

ആമുഖം

“സ്വകാര്യതയിൽ സ്വയം തളച്ചിടാൻ വിസമ്മതിക്കാത്തത് ഒരു തരത്തിൽ പറഞ്ഞാൽ വ്യവസ്തതയെ അംഗീകരിക്കാത്ത ലോകത്തോടും, സംസ്കാരത്തോടും രാഷ്ട്രത്തോടുമുള്ള വിയോജിപ്പ് സൂചിപ്പിക്കാനാണ്.” എന്ന് Gelt Marker അഭിപ്രായപ്പെടുന്നുണ്ട്. വിമതലൈംഗികരാഷ്ട്രീയം മുന്നോട്ടുവയ്ക്കുന്നതും സമാനമായ ഈ വിയോജിപ്പിന്റെഅഭിലാഷങ്ങൾ തന്നെ. സ്ത്രീ/പുരുഷൻ എന്ന ദ്വന്ദത്തിന് പകരം ട്രാൻസ് ജെൻഡർ, ഉഭയലിംഗക്കാർ, സ്വവർഗാനുരാഗികൾ എന്നീ വൈവിധ്യങ്ങളിലേയ്ക്ക് ഇന്ന് ലിംഗപദവി പരിവർത്തനം ചെയ്യപ്പെട്ടു കഴിഞ്ഞിരിക്കുന്നു. ഈ മാറ്റമാണ് നവകാലലൈംഗികരാഷ്ട്രീയത്തിന്റെ ഏറ്റവും വിപ്ലവപരമായ നൂതനത്വമെന്ന് വിലയിരുത്താവുന്നതാണ്. നിലനിന്നിരുന്ന ലൈംഗികതയ്ക്കെതിരായ വിമത സമീപനങ്ങളായി ഇതിനെ കരുതാവുന്നതാണ്. ലൈംഗികമായി ഇത്തരം വിമതനീക്കം നടത്തുന്നവരെ സമൂഹം മ്ലേച്ഛമായോ, പ്രകൃതി വിരുദ്ധമായോ, വൈകൃതങ്ങളായോ, ആണ് വിലയിരുത്തിയിരുന്നത്. ഈ സാഹചര്യത്തിൽ നിന്ന് അവരുടെ ലൈംഗികമായ ജൈവികവൈവിധ്യങ്ങളെ അംഗീകരിച്ചുകൊണ്ടും, അവരുടെ ആത്മാവിഷ്കാരം സാധിച്ചുകൊണ്ടും ഉത്തരാധുനിക കഥകൾ പ്രത്യക്ഷപ്പെടുന്നു. പ്രമോദ് രാമൻ ഉണ്ണി, ആർ. ഇന്ദു മേനോൻ, സിതാര, വി.ദിലീപ്, കെ.ആർ മീര എന്നിവരുടെ കഥകൾ ഇത്തരം പ്രമേയങ്ങൾ ഉൾക്കൊള്ളുന്നവയാണ്. ഇവയുടെ വിശകലനത്തിലൂടെ ഈ നൂതന ലൈംഗികരാഷ്ട്രീയത്തിന്റെ അന്തഃസാരവും തേടിയുള്ള അന്വേഷണമാണ് ഈ പഠനത്തിലൂടെ ഇവിടെ നിർവ്വഹിക്കുന്നത്.

സമകാലികകഥകളെ അനേകം ജാലകങ്ങൾ തുറന്നിട്ട വിഭിന്ന കാഴ്ചകളുടെ പ്രപഞ്ചമായി വിലയിരുത്താവുന്നതാണ്. അവിടെ തെളിയുന്ന ദൃശ്യങ്ങൾ യാഥാസ്ഥികമനോഭാവങ്ങൾക്ക് ചിലപ്പോൾ വിയോജിപ്പിന്റെ അസ്വസ്ഥതകളും വിഗ്രഹഭഞ്ജകർക്ക് സ്വാതന്ത്ര്യത്തിന്റെ ആഹ്ലാദങ്ങളും സമ്മാനിക്കുന്നു. ഇവിടെ തകർക്കപ്പെടുന്നത് അധികാരത്തിന്റെ ധാർഷ്ഠ്യവും തിരസ്കൃതരുടെ ചങ്ങലകളുമാണ്. സമൂഹം നിഗൂഹനം ചെയ്തിരിക്കുന്ന പല അപ്രിയസത്യങ്ങളും ഈ കാലഘട്ടങ്ങളിൽ അനാവൃതമാക്കപ്പെടും. ഈ സത്യത്തെ സമകാലികകഥകൾ വളരെ കൃത്യമായി ഇന്ന് പ്രമേയവത്ക്കരിക്കുന്നുമുണ്ട്.

പൂർവ്വകാലങ്ങളിൽ സ്ത്രീപുരുഷബന്ധത്തെ വിവാഹമെന്ന ഉടമ്പടിയിലൂടെയാണ് സമൂഹം ഊട്ടിയുറപ്പിച്ചത്. പുരുഷൻ, സ്ത്രീ എന്നീ രണ്ടു ദ്വന്ദങ്ങൾ തമ്മിലുള്ള ബന്ധം മാത്രമാണ് സാമൂഹികഘടന അംഗീകരിച്ചിരുന്നതും. എന്നാൽ ഉപഭോഗ സംസ്കാരത്തിൽ ഈ ബന്ധത്തിനും, പരസ്പരാശ്രയത്തിനും പ്രസക്തി നഷ്ടപ്പെടുന്നത് സാധാരണമായിരിക്കുന്നു. ഉത്തരവാദിത്വരഹിതമായി ലൈംഗികത ആസ്വദിക്കാനുള്ള സഹവാസത്തിന്റെ ജീവിതരീതികൾ ഇവിടെ രൂപപ്പെട്ടുവന്നു. ഉപയോഗിക്കുക, വലിച്ചെറിയുക എന്ന കമ്പോളസംസ്കാരത്തിന്റെ താൽപര്യങ്ങൾ വ്യക്തിബന്ധങ്ങളെയും സ്വാധീനിച്ചു തുടങ്ങി. അതുപോലെ സ്ത്രീ, പുരുഷൻ എന്നീ സങ്കല്പങ്ങൾക്കപ്പുറം ലെസ്ബിയൻ, ഗേ, ട്രാൻസ്ജെൻഡർ എന്നിങ്ങനെയുള്ള വിഭിന്ന ലൈംഗികസ്വത്വങ്ങളും ജീവിതങ്ങളും ഇവിടെ മറനീക്കി പുറത്തിറങ്ങി. ഇതിന്റെ ആഘോഷങ്ങളും സ്വാതന്ത്ര്യപ്രഖ്യാപനങ്ങളും വിഹ്വലതകളും നവകാലകഥകൾ പ്രമേയവത്ക്കരിക്കുന്നു.

‘വിഭക്തലൈംഗികവ്യക്തിത്വങ്ങൾക്ക് ഞാൻ ഒരു നാവുനട്ടു, നപുംസകങ്ങൾ എന്ന വാക്കിലൂടെ കൽപിക്കപ്പെടുന്ന സ്വത്വനിഷേധത്തിന് നപുംസകർ എന്ന പുതിയ വാക്കുകൊണ്ട് പകരം വീട്ടാൻ കഴിഞ്ഞപ്പോഴാണ് എഴുതാൻ എനിക്കെന്തോ

(മലയാളം പി.ജി ആൻഡ് ഗവേഷണവിഭാഗം, സെന്റ് തോമസ് കോളേജ്, പാല, കോട്ടയം)
princemonjose@gmail.com

ഉണ്ടെന്ന് തോന്നിയത്'[1] സ്വവർഗാനുരാഗത്തിന്റെയും ട്രാൻസ് ജെൻഡറുകളുടെയും അനുഭവതലങ്ങളെ അനാവൃതമാക്കുന്ന പ്രമോദ് രാമന്റെ രതിമാതാവിന്റെ പുത്രൻ എന്ന കഥാസമാഹാരത്തിന്റെ ആമുഖപഠനത്തിലാണ് കഥാരംഗത്തുണ്ടായ ഈ പ്രമേയ വൈചിത്ര്യം കഥാകാരൻ അവതരിപ്പിച്ചിരിക്കുന്നത്. പ്രമോദ് രാമന്റെ 'ഛേദാംശജീവിതം' എന്ന കഥയിലെ മുഖ്യ കഥാപാത്രങ്ങളാണ് സുഹൃത്തുക്കളായ നേഹ, ചന്ദ്രൻ, രുസ്തം, മഞ്ജിത് മേനോൻ എന്നിവർ. ഇതിൽ ചന്ദ്രന് മഞ്ജിത് മേനോൻ എന്ന പുരുഷനോട് അതിയായ പ്രണയം ഉണ്ടാകുന്നു. "നേഹാ ഇവൻ ഈ മഞ്ജു എന്റെ പെണ്ണാണ് ചന്ദ്രൻ പറഞ്ഞു. അവൻ ഗ്ലാസിൽ ശേഷിച്ച തുള്ളികൾ മൊത്തി. ഐവാൺ ടു മാരി ഹിം'[2] എന്നവൻ പറഞ്ഞു. അവസാനം ചന്ദ്രന്റെ നിർബന്ധത്തിനു വഴങ്ങി ലിംഗമാറ്റ ശസ്ത്രക്രിയ നടത്താൻ മഞ്ജിത് മേനോൻ തയ്യാറാകുന്നു. മഞ്ജിത് മേനോനോട് ഡോക്ടർ സമ്മതം ചോദിച്ചപ്പോൾ 'ഞാൻ അതിൽ എഴുതി ചന്ദ്രന്റെ ഹൃദയത്തിൽ നിന്ന് ഞാൻ കേട്ട ഒരു ട്രാൻസ് സെക്ഷലിന്റെ ശബ്ദം. മാറ്റിത്തരാമോ ഈ ശരീരം മാത്രം. ഈ കായകവചം ഉടുപ്പൊന്നുമാറും പോലെ മാത്രം'[3] എന്നവൻ പറഞ്ഞു. ശസ്ത്രക്രിയ ചെയ്യുന്നതിന്റെ തലേരാത്രിയിൽ പിറവികൊള്ളാനിരിക്കുന്ന പെണ്ണുമായി ഞാൻ ആത്മഭോഗം നടത്തിയെന്നും അതിന്റെ മൂർച്ഛയിൽ കണ്ണീർ തെറിച്ചുവീണതായും രേഖപ്പെടുത്തുന്നുണ്ട്. ഓപ്പറേഷനുശേഷം മൂന്നുമാസത്തിനുശേഷമെ ചന്ദ്രനെ കാണുകയുള്ളു എന്നായിരുന്നു മഞ്ജിതിന്റെ തീരുമാനം. മഞ്ജു ഇതിനായി നേഹയോടൊപ്പം താമസിച്ചു. നേഹ മഞ്ജുവിനെ സ്ത്രീയാകാൻ പരിശീലിപ്പിച്ചു. അവസാനം മൂന്നുമാസത്തിനുശേഷം ചന്ദ്രനെ കാണേണ്ട എന്ന് മഞ്ജു പറയുന്നു. മൂന്നുമാസക്കാലം തന്നെ പരിചരിച്ച നേഹയെ പ്രണയിക്കുന്ന മഞ്ജു അവളോടു ചോദിക്കുന്നു 'എനിക്ക് ചന്ദ്രനെ കാണേണ്ട, ഞാനവളെ കോർത്തു പിടിച്ചു. മാറാമോ നേഹാ. ഈ ശരീരം മാത്രം? ഈ കായ കവചം ഉടുപ്പൊന്നു മാറുംപോലെ മാത്രം നേഹാ? നിനക്കെന്റെ ആണാകാമോ?"[4] ട്രാൻസ് ജെൻഡറിന്റെയും ബൈ സെക്ഷൽ പേഴ്സണാലിറ്റിയുടെയും സ്വഭാവ വൈചിത്ര്യങ്ങളാണ് കഥാകൃത്ത് ഈ കഥയിലൂടെ അനാവരണം ചെയ്യുന്നത്.

ഉഭയലൈംഗിക ജീവിതത്തിന്റെ സ്വത്വവുമായി ജീവിക്കുന്ന ജീവൻ മുഖ്യകഥാപാത്രമായ പ്രമോദ് രാമന്റെ കഥയാണ് രതിമാതാവിന്റെ പുത്രൻ. രതിക്ക് ജീവൻ ഭർത്താവിന്റെ അനുഭവമാണ് സമ്മാനിച്ചതെങ്കിൽ രത്തന് ജീവൻ സ്ത്രീയുടെ അനുഭൂതികളാണ് കൈമാറിയത്. രതിക്ക് കാമപൂർത്തികിട്ടാൻ ഉത്തേജകമരുന്ന് ജീവൻ ഉപയോഗിക്കുന്നു. 'മഞ്ഞ ഗുളികകളുടെ കുഞ്ഞുഡപ്പി വാങ്ങി കഴിച്ചു തുടങ്ങിയ നാൾ മുതൽ ഒരു തെറിവാക്കുപോലെ ഞാൻ മൂക്കാൻ തുടങ്ങി. തായ്‌വേരുപടലം തിണർത്തു. ഒരുദിവസം ഔഷധഗന്ധമുള്ള സ്പോൺസേഡ് പുരുഷത്വത്താൽ ഞാൻ പെണ്ണുടൻ താഴ്ഭേദിച്ചു. ഞാൻ രതിപ്പെട്ടു.[5] രത്തൻ ജീവനിലെ സ്ത്രീസത്ത അനുഭവിക്കാൻ അയാൾക്ക് ഉത്തേജകമരുന്ന് നൽകുന്നു. സ്തനവളർച്ചയ്ക്ക് അത്യുത്തമമായ തരുണീ മെഡിക്കൽസിന്റെ അംഗീകൃതലേഹ്യമാണ് രത്തൻ ജീവന് നൽകുന്നത്. രാത്രിയിൽ രതിയ്ക്കായി ഗുളിക, പകൽ രത്തനായി ലേഹ്യം, രതിയ്ക്കുമുമ്പിൽ വിത്തുകാളയായും രത്തനുമുമ്പിൽ കാമധേനുവായും ജീവന് ദ്വിസ്വത്വ പരിണാമം സംഭവിക്കുന്നു. രാത്രിയിൽ കൊമ്പുകുലുക്കുന്ന, പകൽ പാൽ ചുരത്തുന്ന, വൃഷണവും, അകിടും ഒന്നിച്ചുവളരുന്ന കാമഋഷഭമായി ജീവൻ മാറുന്നു. വിമത ലൈംഗികതയുടെ വിപ്ലവാത്മകമായ രാഷ്ട്രീയമാണ് പ്രമോദ് രാമൻ ഈ കഥയിലൂടെ അവതരിപ്പിക്കുന്നത്.

'ഒരു ബ്രാക്കറ്റിൽ എത്ര പേർക്കു ജീവിക്കാം' എന്ന പ്രമോദ് രാമന്റെ കഥയിലും സ്വവർഗാനുരാഗമാണ് കഥാതന്തു. റോസി, ജോളി, എൽദോ എന്നീ സുഹൃത്തുക്കളെ ചുറ്റിപ്പറ്റിയാണ് കഥ വളരുന്നത്. പത്താം ക്ലാസ് പരീക്ഷ കഴിഞ്ഞ് മൂന്നാളും കൂടി ഔട്ടിങ്ങിനു പോയി തിരികെയെത്തിയപ്പോൾ രാത്രിയായി. ജോളിയുടെ വീട്ടിലാണ് അവരന്നുകിടന്നത്. ജോളിയുടെ അപ്പൻ റോസിയ്ക്ക് ഒരു പായയും എൻദോയ്ക്കും ജോളിയ്ക്കും മറ്റൊരു പായയും വിരിച്ചു. റോസി ജോളിക്കുള്ള പെണ്ണാണ് എന്നാണ് എല്ലാവരും പറയുന്നത്. ഇവർ പരസ്പരം പ്രണയിച്ചിരുന്നതായി എല്ലാവരും കരുതി. എന്നാൽ ജോളി, എൽദോയെയാണ് സ്നേഹിക്കുന്നത് "കിടന്നകിടപ്പിൽ ജോളി തന്റെ ഇടതു കൈനീട്ടി എൽദോയെ തൊട്ടു. ആ സ്പർശനത്തിലൂടെ, താനവന് എന്തോ കൊടുത്തതുപോലെയും അവൻ തിരിച്ച് എന്തോ തന്നതുപോലെയും ജോളിയ്ക്കു തോന്നി. എൽദോയുടെ വിസ്തൃതമായ നെഞ്ചിലാണ് ജോളിയുടെ കൈ കിടന്നത്"[6]. ഹോസ്റ്റലിൽ ഒരേ മുറി പങ്കുവച്ചപ്പോൾ റോസിയുടെ ഫോട്ടോ അവർ മുറിയിൽ തൂക്കി. ജോളിയുടെ ഭാഗ്യമാണ് ഈ തൂങ്ങുന്നത് എന്ന് എൽദോ പറയുമ്പോഴും ജോളിയുടെ കണ്ണുകൾ ആ ഫോട്ടോയിലേക്ക് ചെന്നെത്തിയില്ല. അവസാനം വീട്ടുകാർ റോസിയുടെയും ജോളിയുടെയും വിവാഹം നടത്തുന്നു. വിവാഹത്തിനു പോളച്ചൻ സമ്മതം ചോദിച്ചപ്പോൾ ആളുകൾ എല്ലാവരും ചിരിച്ചു. ജോളി എൽദോയുടെ മുഖത്തേയ്ക്കു നോക്കി. പതിനായിരം വട്ടം സമ്മതമാണെന്ന് എൽദോ പറയുന്നതായി തോന്നി. അങ്ങനെയവൻ സമ്മതം മൂളി. നമ്മുടെ കെട്ടിന് സമ്മതം എൽദോയ്ക്കായിരുന്നോ എന്ന റോസിയുടെ ചോദ്യത്തോടെ ആരംഭിച്ച ആ ദാമ്പത്യ ജീവിതം ആദ്യദിനംതന്നെ പ്രക്ഷുബ്ധമായി. റോസിയുടെ ചോദ്യത്തിനുമുന്നിൽ രതി നൽകാൻ ജോളി ശ്രമിച്ചു. എങ്കിലും അവനതിനു സാധിച്ചില്ല. ജനാലയിൽ ഇരുട്ടിൽ എൽദോയുടെ മുഖം ജോളിയുടെ മുന്നിൽ തെളിഞ്ഞുവന്നു. ജോളിയുടെ ബോധമണ്ഡലത്തിൽ പുതിയ ചേരുംപടിയുടെ വെള്ളിടി സഞ്ചാരങ്ങൾ മിന്നി. അവസാനം ജോളിയുടെ വ്യക്തിത്വം ഉൾക്കൊള്ളാനാവാതെ റോസി കറിക്കത്തി അവന്റെ അടിവയറ്റിലേയ്ക്ക് ആഴ്ത്തി.

സ്വവർഗാനുരാഗത്തിന്റെയും ട്രാൻസ്ജെൻഡറുകളുടെയും അനുഭവതലങ്ങൾ ഇന്ദുമേനോന്റെ കഥകളിലും പ്രമേയമായി കടന്നുവരുന്നുണ്ട്. വിവാഹമെന്ന സ്ഥാപനത്തെ അംഗീകരിക്കാതെ സഹജീവിതം നടത്തുന്ന ശ്രീഹരി വെങ്കിടേഷ് പൈയുടെയും, മെഹ്റുന്നീസയുടെയും കഥയാണ് ഇന്ദുമേനോന്റെ ഒരു ലെസ്ബിയൻ പശു. പരാലിസിസിന് ആശുപത്രിയിൽ കിടന്ന മെഹ്റുന്നീസായെ ശുശ്രൂഷിച്ച പശുവിന്റെ മണമുള്ള നേഴ്സ് ലെസ്ബിയൻ സ്വഭാവമുള്ളവളാണ്. അവൾ പറഞ്ഞു 'ഞാൻ നിന്റെ ശരീരത്തെ പ്രേമിക്കുയായിരുന്നു മെഹ്റു നേഴ്സ് അവളുടെ മുഖത്തേക്കു നോക്കി പ്രേമപാരവശ്യത്തോടെ പറഞ്ഞു. ഒരു പശു മറ്റൊരു പശുവിനെ സ്നേഹിക്കുന്നതുപോലെ'[7].

പുരുഷസ്വത്വമുള്ള റസിയയും അമുദയും തമ്മിലുള്ള പ്രണയത്തിന്റെ തലങ്ങൾ അവതരിപ്പിക്കുന്ന ഇന്ദുമേനോന്റെ കഥയാണ് 'ജലത്തിലൂടെ നടക്കുന്ന കന്യകമാർ'. റസിയയ്ക്ക് പുരുഷനെപ്പോലെ പ്രത്യുല്പാദന ശേഷിയുണ്ടായിരുന്നെങ്കിൽ അവളുടെ കുഞ്ഞിനെ വയറ്റിൽ ചുമന്ന് വേദനിച്ച് വേദനിച്ച് പ്രസവിച്ചേനെയെന്ന് അമുദ പറയുന്നു. ആശുപത്രിയിൽ കാണാൻവന്ന പത്രക്കാരോട് ഞങ്ങളുടെ ഇഷ്ടം ഒരു രഹസ്യമായിരുന്നു എന്നവൾ പറഞ്ഞു. ഇങ്ങനെയൊരു തീരുമാനമെടുക്കാൻപ്രേരിപ്പിച്ചത് റസിയയുടെ കുഞ്ഞിനെ പ്രസവിക്കണം എന്ന അതിയായ ആഗ്രഹം ഉള്ളതുകൊണ്ടാണെന്നും അവൾ മടികൂടാതെ തുറന്നുപറഞ്ഞു. ഈ വിപ്ലവകരമായ തീരുമാനത്തെക്കുറിച്ച് റസിയ പറഞ്ഞത് 'നോക്കൂ ഇത് വ്യക്തിപരമായ പ്രശ്നമാണ്. പോലീ

സുകാരുടെ ചവിട്ടേറ്റ് തകർത്തതല്ലേ എന്റെ ഗർഭപാത്രം. എന്നെക്കൊന്തോ പ്രോജെനി പാടില്ലേ'[8] എന്നാണ്. അമുദയുടെ കുടുംബത്തെക്കുറിച്ച് ചോദിച്ചപ്പോൾ അവൾ ഭർത്താവിനെ ഓർക്കുന്നു. അയാളുടെ മൂന്നാമത്തെ ഭാര്യയായിരുന്ന അവൾ അച്ഛന്റെ സുഹൃത്തായിരുന്ന ആ വൃദ്ധനെ താൻ ചെറുപ്പത്തിൽ അപ്പാ എന്നു വിളിച്ചത് അമുദ സ്മരിക്കുന്നു. "എന്നെ വേദനിപ്പിക്കുന്നതായിരുന്നു അയാളുടെ രതി. എന്റെ നിലവിളികളായിരുന്നു അയാളുടെ മൂർച്ഛകൾ.[9] ഈ ദുരിതങ്ങളിൽനിന്നെല്ലാം മാറി അമുദയും റസിയയും ഒന്നിക്കുന്നു. പുരുഷാധിപത്യത്തിന്റെ ശാരീരിക ആക്രമണങ്ങളെ, ശരീരംകൊണ്ടുതന്നെ പ്രത്യാക്രമിക്കുന്ന, അല്ലെങ്കിൽ സ്വയം പുരുഷവർഗത്തിന് നിഷേധമായിത്തീരുന്ന സ്ത്രീസ്വത്വങ്ങളെയാണ് കഥാകാരി ഇവിടെ അണിനിരത്തുന്നത്. വൈദ്യശാസ്ത്രസഹായത്താൽ അവർക്കിടയിലേയ്ക്ക് ഒരു പുതിയ അതിഥി കടന്നുവരുന്നതായും വിജയകരമായ അണ്ഡമാറ്റ ശസ്ത്രക്രിയ ചെയ്തതായും കഥാന്ത്യത്തിൽ സൂചിപ്പിക്കുന്നു.

സിതാരയുടെ രചനകളിലും സ്വവർഗാനുരാഗത്തിന്റെ വിവിധ തലങ്ങൾ കണ്ടെത്താൻ സാധിക്കും. സൂസന്നയെ വിവാഹം ചെയ്തു കിട്ടില്ലെന്നറിഞ്ഞ് നാടുവിട്ടുപോയി അച്ചനായി മാറിയ ഫാദർ റെജി ആന്റണി കാട്ടുള്ളിന്റെ മാനസിക വ്യാപാരങ്ങളിലൂടെയാണ് 'ചതുപ്പ്' എന്ന കഥ സഞ്ചരിക്കുന്നത്. മൊണാസ്ട്രിയിൽ ലൈംഗികമായ അരാജകത്വം അനുഭവിക്കുന്ന അച്ചൻ അവിടുത്തെ ജോലിക്കാരനായ തോമസിനെ ഇഷ്ടപ്പെടുന്നു. സി. സെലിനെ കാണുമ്പോൾ പഴയ കാമുകിയായ സൂസന്നയെയാണ് അച്ചൻ ഓർമ്മിക്കുന്നത്. അങ്ങനെ ഉഭയലൈംഗികതയുടെ അവസ്ഥാന്തരങ്ങളിലൂടെയും അച്ചൻ സഞ്ചരിക്കുന്നു. തോമസിനെ കാണുമ്പോൾ "അവന്റെ എടുപ്പുള്ള ദേഹവും,അതിന്റെ ഭംഗിയും കാണുമ്പോൾ എനിക്ക് എന്തൊക്കെയോ ആവും. അവനെയൊന്നു കെട്ടിപ്പിടിക്കാനൊക്കെ തോന്നും"[10] എന്ന് അച്ചൻ ആഗ്രഹിക്കാറുണ്ട്. ഇതെല്ലാം തെറ്റാണെന്നുള്ള അറിവ് തീവ്രമായി പാപബോധത്തിലേയ്ക്ക് അച്ചനെ വലിച്ചിഴയ്ക്കുന്നു. ഇതെല്ലാം പൊറുക്കണമേ എന്ന് പ്രാർത്ഥിച്ചുകൊണ്ട് അവസാനം കുരിശിന്റെ മുകളിലേക്ക് അച്ചൻ മറിഞ്ഞു വീഴുന്നു.

പുരുഷേച്ഛയുടെ, പരിഗണനകളില്ലാത്ത പരിഹാസങ്ങൾക്കെതിരെ ശബ്ദിക്കുന്ന നട്ടെല്ലുറപ്പുള്ള സ്ത്രീസ്വത്വങ്ങളെയും സിതാര അവതരിപ്പിച്ചിട്ടുണ്ട്. പുരുഷ വർഗത്തെ എതിർക്കുന്നതിന് സ്വർഗാനുരാഗത്തിന്റെ വഴികൾ തെരഞ്ഞെടുക്കുന്ന കഥാപാത്രങ്ങളിലൂടെ വിമതലൈംഗികതയുടെ പാഠങ്ങൾ സൃഷ്ടിച്ചിരിക്കുന്നു. സിതാരയുടെ 'സ്പർശം' എന്ന കഥ ഇതിന് മാതൃകയാണ്. മാദ്രിയും മറിയയും ആണ് ഇതിലെ മുഖ്യകഥാപാത്രങ്ങൾ. മാദ്രിയുടെ ഭർത്താവും മകളും മറ്റ് കഥാപാത്രങ്ങളും. കവിതയെഴുതുന്ന പ്രകൃതം മാദ്രിയ്ക്കുണ്ട്. പക്ഷേ ഈ എഴുത്തിനോട് ഭർത്താവിന് യോജിപ്പില്ല. ഏതുവിധേനയും മാദ്രിയെ പരിഹസിക്കാനാണ് അയാൾക്ക് താൽപര്യം. മാദ്രി എഴുതിയ കവിത തനിക്ക് വായിക്കാൻ നൽകാൻ നന്ദൻ ആവശ്യപ്പെടുന്നു. വായിച്ചതിനുശേഷം ഒരു പതിനഞ്ചു കൊല്ലം മുമ്പെഴുതേണ്ട കവിത പോലുണ്ട് എന്നയാൾ വിമർശിക്കുന്നു. 'മാദ്രിയുടെ മനസിൽ വലിയൊരു കല്ലുവന്നു വീണു. പറയരുത് എന്നാഗ്രഹിച്ചുവെങ്കിലും അവൾ പറഞ്ഞു. മറിയക്കിഷ്ടായി'[11]. നന്ദന്റെ മുഖത്തെ ചിരി ഓരോ തുള്ളിയായി വറ്റിപ്പോകുന്നത് ഹൃദയം നിറഞ്ഞ് അവൾ ആസ്വദിച്ചു. മറിയയോടുള്ള മാദ്രിയുടെ കൂട്ട് നന്ദന് അത്രപിടിക്കുന്നില്ല. മറിയ രവിയോടൊപ്പം പോകുമെന്ന് നന്ദൻ മാദ്രിയെ പ്രകോപിപ്പിക്കാൻ പറഞ്ഞു. അവൾ ഒരു തോൽപ്പിക്കലിന്റെ സുഖത്തിൽ നന്ദന്റെ കണ്ണുകളിലേയ്ക്ക് സ്വന്തം കണ്ണുകളെ ഉയർത്തി അവൾ പോകില്ല എന്നും മറിയയെ എനിക്കറിയാം എന്നും ഉറപ്പുപറയുന്നു. അവസാനം നന്ദനോട് പിണങ്ങി മാദ്രി മറിയയുടെ വീട്ടിലേക്കുപോയി. "ഏതോ സ്വപ്നത്തിന്റെ നിറവിൽമാദ്രിയുടെ കൈ മറിയയുടെ മേൽ വന്നു വീണു"[12]. ഫാനിന്റെ കറങ്ങിക്കൊണ്ടിരിക്കുന്ന ഇതളുകളെ നോക്കിക്കിടന്നപ്പോൾ മറിയയ്ക്ക് അവരുടെ കളിയെപ്പറ്റി ഓർമ്മവന്നു. തലചെരിച്ച് നോക്കുമ്പോൾ സ്വപ്നത്തിലെന്തോ കണ്ട് ചിരിക്കുകയായിരുന്നു മാദ്രി. കളിയുടെ ബാക്കി ഭാഗം പൂരിപ്പിക്കാൻ മറിയ മാദ്രിയുടെ നെറ്റിയിൽ ചുണ്ടമർത്തി. ഇപ്രകാരം 'ലൈംഗികത തുറന്നു സംസാരിക്കാൻ പോലും തയ്യാറാകാത്ത കാപട്യം നിറഞ്ഞ സമൂഹത്തോട് ലൈംഗികത കേന്ദ്രപ്രമേയമായ നാനാ കഥകൾ പറഞ്ഞുകൊണ്ട് നാട്യങ്ങളില്ലാതെ" സിതാര നിൽക്കുന്നു.

വ്യവസ്ഥാപിത ലൈംഗിക ജീവിതരീതികളെ അതിലംഘിക്കുന്നവരും, ലൈംഗികതയെ ആസ്വാദ്യതയുടെ തലത്തിൽ വീക്ഷിക്കുന്നവരുമാണ് സ്വവർഗാനുരാഗികൾ. ഇത് വ്യക്തമാക്കിത്തരുന്ന പ്രമോദ് രാമന്റെ കഥയാണ് 'നപുംസകരുടെ പത്ത് പടവുകൾ.' ആണും പെണ്ണുമായി പരസ്പരം മാറിമാറി അഭിനയിച്ച് കുട്ടിക്കാലത്തെ ചങ്ങാത്തം സമൃദ്ധമാക്കിയ കൂട്ടുകാരിലൂടെയാണ് കഥവളർന്ന് വികസിക്കുന്നത്. കഥപറയുന്ന പേരില്ലാത്ത വ്യക്തിയും അവന്റെ കൂട്ടുകാരൻ താരാനാഥനുമാണ് ഈ കഥയിലെ കഥാപാത്രങ്ങൾ. താരാനാഥനെ, ബാലമ്മാമൻ താര എന്നാണ് വിളിക്കുന്നത്. എന്നാൽ അങ്ങനെ വിളിക്കുന്നത് അവന് ഒട്ടും ഇഷ്ടമല്ല. ആൺനാമധാരിയായി, എല്ലാവരുടെയും മുന്നിലായിരിക്കാനും പുരുഷത്വത്തിന്റെ മേധാശക്തി പുലർത്തുന്നവനുമാണവൻ. തട്ടുപുറത്ത് രണ്ടുകുട്ടികളും പരസ്പരം ശരീരാന്വേഷണങ്ങൾ നടത്തുമ്പോൾ ആണും പെണ്ണുമായി മാറി മാറി അഭിനയിക്കാം എന്നാണ് വാക്കെങ്കിലും എല്ലാ പ്രാവശ്യവും ഏതെങ്കിലും തന്ത്രങ്ങൾ ഉപയോഗിച്ച് താരാനാഥൻ അവനെ കീഴടക്കി. പുരുഷസത്തയുടെ അധികാരങ്ങളും, പ്രവർത്തികളും നിറഞ്ഞവനായിരുന്നു താരാനാഥൻ. നാഥന്റെ കരുത്തുറ്റ നിർബന്ധത്തിനു മുന്നിൽ കഥ പറയുന്നയാൾ വഴങ്ങിക്കൊടുത്തു. ലൈംഗികബന്ധത്തിൽ കീഴടക്കുന്നവൻ പുരുഷനും, കീഴടങ്ങുന്നവൾ സ്ത്രീയുമാണല്ലോ. അങ്ങനെ കുട്ടിക്കാലത്തെ അനവധി പരീക്ഷണങ്ങളിലൂടെ പെൺമനസുള്ളവനായി ആഖ്യാതാവ് മാറുന്നു. ആഴത്തിലുള്ള വിധേയത്വത്തിന്റെ മനോഭാവങ്ങൾ തിരിച്ചറിഞ്ഞ് അവയെ ആന്തരിക സ്വഭാവമായി സ്വയം രൂപപ്പെടുത്തുന്നതും കഥയിൽ കാണാം. ലൈംഗികാസ്വാദനത്തിന്റെ പാരമ്യത്തിൽ താരാനാഥൻ തന്റെ കൂട്ടുകാരനെ താരാ... താരാ... എന്നു വിളിക്കുന്നു. തന്റെ പേരിലുള്ള താരയെ, വിധേയത്വമുള്ള പെണ്ണിനെ കൂട്ടുകാരനിലേക്ക് നട്ടുപിടിക്കുന്ന ഒരധികാര ആൺരൂപമായും അല്ലെങ്കിൽ ആത്മ രതിയുടെ നാർസിസ്റ്റ് രൂപമായും താരാനാഥൻ പരിണമിക്കുന്നു.

കുട്ടിക്കാലത്തെ ഇത്തരം ലൈംഗികാസ്വാദനശ്രമങ്ങൾ മനുഷ്യന്റെ സ്വഭാവത്തിൽ ആഴത്തിൽ പതിഞ്ഞ് പ്രായപൂർത്തിയായിക്കഴിയുമ്പോൾ പൂർണമായും സ്വാധീനിക്കുമെന്നും നിലനിൽക്കുമെന്നും കഥാകാരൻ സമർത്ഥിക്കുന്നു. വർഷങ്ങൾക്കുശേഷം എറണാകുളത്തെ ഫ്ളാറ്റ് മുറിയിൽ നടക്കുന്ന സംഗമത്തിലൂടെ ഈ കൂട്ടുകാർ ലൈംഗിക അനുഭൂതികളെ പരസ്പരം പങ്കുവയ്ക്കുന്നു. ചുരുക്കത്തിൽ പ്രണയത്തിന്റെ തീവ്രതയിൽ തന്റെ കൂട്ടുകാരനോട് ഒരടിമയ്ക്കു തുല്യം വിധേയത്വം പുലർത്തുന്ന ആൺമനസ് സ്ത്രീവിധേയത്വത്തിന്റ മാതൃകകൾക്കൊപ്പം പുരുഷസ്വത്വവും ഇപ്രകാരം ഉണ്ടെന്ന് തെളിയിക്കാൻ സൃഷ്ടിച്ചതാണോ എന്ന് സന്ദേഹം ജനിപ്പിക്കും.

പിതാവിനോടുള്ള കടുത്ത പ്രേമം മൂലം അച്ഛനെ നിർദ്ദയം കൊല്ലുന്ന സെയ്റാ മുഖ്യകഥാപാത്രമായ സിതാരയുടെ കഥയാണ് 'സ്നേഹവിഭ്രമം' മായ എന്ന കൂട്ടുകാരിയെ കൂട്ടി വീട്ടിലെത്തിയ സെയ്റാ തന്റെ ഡാഡിയേ താൻ കൊന്നതാണ് എന്നു പറഞ്ഞു. കിടന്നുറങ്ങുമ്പോ, പോയി ആരും കാണാതെ മുഖത്ത് തലയിണ അമർത്തിയാണ് അവളാകർമ്മം

നിർവഹിച്ചത്. ഞാനും സിൽവിയാ പ്ലാത്തും ഒരുപോലെയാണെന്നും, ആ ഇലക്ട്രാ കോംപ്ലക്സിൽ, അച്ഛനോടു കടുത്ത പ്രേമം മൂലം സിൽവിയാപ്ലാത്തിനെപ്പോലെ, അതിൽനിന്ന് രക്ഷപെടാൻ ഞാൻ ഡാഡിയെ കൊന്നു എന്നും സെയ്റാ പറയുന്നു. അവസാനം മായയെക്കൊന്ന് ബ്രൗണിങ്ങിന്റെ കവിതയിലൊക്കെ ഉള്ളതു പോലെ നിന്റെയീ സ്നേഹം ഇമ്മോർട്ടലൈസ് ചെയ്താലോ എന്ന് സെയ്റ ചിന്തിക്കുന്നു. വിഭ്രാത്മകമായ നിർവചനാതീതമായ ലൈംഗിക ജീവിതത്തിന്റെ തലങ്ങളാണ് ഈ കഥയിൽ പ്രതിഫലിക്കുന്നത്.

പ്രണയവും ലൈംഗികതയും നിർവചിക്കാനാവാത്ത സങ്കീർണമായ സത്യമാണ്. പ്രത്യുല്പാദനത്തിന്റെ തലത്തിൽമാത്രം അത് നിലനിൽക്കാതിരിക്കുന്നതിന് കാരണം, ലൈംഗികതയ്ക്ക് ആസ്വാദനത്തിന്റെ തലമുണ്ടെന്നുള്ളതാണ്. ഏതുവിധത്തിൽ ലൈംഗികത പൂർണമായി ആസ്വദിക്കാൻ സാധിക്കുമോ, ആ വഴി മനുഷ്യൻ തേടും. ജനിതകമായും, ഗർഭപാത്രത്തിലായിരുന്ന കാലത്തെ അനുഭവങ്ങളും ഹോർമോൺ വ്യതിയാനങ്ങളും, സാമൂഹ്യമായ അനുഭവങ്ങളും എല്ലാം ചേർത്ത് നിർവ്വചിക്കുന്നതാണ് ഒരു വ്യക്തിയിലെ ലൈംഗികത. അവയെ സാമൂഹിക നിയമങ്ങളും സദാചാരനിയമങ്ങളും അനുസരിച്ച് നിയന്ത്രിക്കുമ്പോൾ, വിവിധരീതിയിലും രൂപത്തിലും രഹസ്യാത്മകമായി അവ വെളിപ്പെടും. അവയാണ് സ്വവർഗാനുരാഗമായും ഉഭയലൈംഗികതയായും ട്രാൻസ്ജെൻഡർ സവിശേഷതകളായും മാറുന്നത്. ഇവയെ സദാചാരത്തിന്റെ അതിരുകളെ ഭേദിച്ച് അവതരിപ്പിക്കുന്ന തന്ത്രമാണ് നവകഥാകാരന്മാരും കഥാകാരികളും ചെയ്യുന്നത്.

കെ.ആർ. മീരയുടെ 'കമിങ് ഔട്ട്' എന്ന കഥ ഗേകളുടെ സ്വത്വ വിചാരങ്ങളിലൂടെയുള്ള അന്വേഷണമാണ് നിർവ്വഹിക്കുന്നത്. ഗേയായ ജോണിന്റെ ശവസംസ്കാരത്തിൽ പങ്കെടുക്കുന്ന സേബയിലൂടെ ഇവിടെ കഥ വളർന്ന് വികസിക്കുന്നു. ജോൺ, പങ്കാളിയായ ഡേവിഡ്, ഇവരെ ലണ്ടനിലെ ആദ്യ പുതുവർഷ രാത്രിയിലാണ് സേബ പരിചയപ്പെട്ടത്. പന്ത്രണ്ടാകുമ്പോൾ ബിഗ് ബെന്നിന്റെ മണിമുഴങ്ങും അപ്പോൾ ഒരു സ്നാപ്പ് പ്ലീസ് സിസ്റ്റർ എന്ന അപേക്ഷയുമായി തന്റെ അടുത്തെത്തിയ ജോൺ 'പിന്നീടാണ് അയാളെ ചേർത്തണച്ച ഡേവിഡിനെ കണ്ടത്. അവൾക്ക് രക്തം തിളച്ചു. ആണോട് ആൺ-അവലക്ഷണം. ഫോൺ വലിച്ചെറിയുവാൻ തോന്നി. പക്ഷേ എന്തൊരു പ്രണയം അവൾ സ്തബ്ധയായി. അവർ പരസ്പരം ചേർത്തുപിടിച്ച വിധം. അവർ പരസ്പരം കടാക്ഷിച്ച വിധം'. ഈ ധന്യമുഹൂർത്തത്തിനുശേഷം ജോൺ അവരുടെ മധ്യത്തിലേക്ക് കുഴഞ്ഞു വീണു മരിച്ചു. ജോണിന്റെ മൃതസംസ്കാരശുശ്രൂഷയ്ക്കിടെ തന്റെ ഭർത്താവായ ലാസറും ഇപ്രകാരം ഗേ ആയിരുന്നുവല്ലോ എന്ന് സേബ ഓർക്കുന്നു. സേബ അത്യധികം ലാസറിനെ സ്നേഹിച്ചിരുന്നു. എന്നാൽ അയാളുടെ പ്രതികരണം തണുപ്പനായിരുന്നു. ഒരു ദിവസം തളർച്ച തോന്നി ലീവെടുത്ത് മടങ്ങിയ ദിവസം വീട്ടിൽ രണ്ടാണുങ്ങൾ തമ്മിൽ ഇണചേരുന്നതിന്റെ ബീഭത്സത കണ്ട് അവൾ ഞെട്ടി. അന്നവളുടെ രക്തം തിളച്ചു. അവർ തമ്മിൽ വലിയ കലഹം ഉണ്ടായി. ലാസറുമായുള്ള ബന്ധം ഉപേക്ഷിച്ച് സേബ പോവുകയും ചെയ്തു. ഡേവിഡ് ജോണുമായുള്ള കൂടിക്കാഴ്ചയെപ്പറ്റി സേബയോട് ഇപ്രകാരം പറഞ്ഞു.'ആദ്യമൊക്കെ ഗേയെന്നു പറയുന്നത് തെറ്റാണെന്നും അപമാനമാണെന്നും തോന്നി. എന്നാൽ എനിക്ക് പെൺകുട്ടികളെ സ്നേഹിക്കാൻ കഴിഞ്ഞില്ല. അവരുടെ ശരീരം, വിയർപ്പുഗന്ധം എനിക്ക് വെറുപ്പ് തോന്നി. എന്നാൽ ജോ വന്ന് എന്നെ തൊട്ടപ്പോൾ ഞാൻ മറ്റൊരാളായി. സത്യത്തിന് ഒരു സുഖമുണ്ട്. അത് അവനാണ് എനിക്ക് മനസ്സിലാക്കിത്തന്നത്. 'എനിക്ക് വേണ്ടത് ആണത്തമുള്ള പെണ്ണിനെയാണ്, നിനക്ക് - എന്നെയുണർത്താൻ കഴിയില്ല. അതിന് ഒരാണു തന്നെ വേണം.അതാരുടെ കുറ്റമാണ്. എന്റെയോ? നിന്റെയോ? കർത്താവിന്റെയോ?' ഹൈസ്ക്കൂളിൽ ഫുട്ബോൾ കളിക്കുമ്പോൾ ഒരാൺകുട്ടിയുമായി തട്ടി വീണത് അയാൾ ഓർത്തു. ഞങ്ങൾ വീണ് കെട്ടിപ്പിടിച്ച് ഉരുണ്ടപ്പോൾ, ആ നിമിഷം ഞാനൊരാണായെന്ന തോന്നൽ എനിക്കുണ്ടായി.

ജോണിന്റെയും ഡേവിഡിന്റെയും അനുഭവം സേബയെ വലിയൊരു തിരിച്ചറിവിലേക്ക് തന്നെ നയിച്ചു. തന്റെ ഭർത്താവിനെ താൻ തെറ്റിദ്ധരിച്ചല്ലോയെന്നും, ലാസറിന്റെ അന്ത:സംഘർഷം താൻ തിരിച്ചറിയേണ്ടതായിരുന്നില്ലേയെന്നും സേബ ഓർത്തു. അവസാനം ദു:ഖത്തോടെ ലാസറിന്റെ കബറിടത്തിങ്കൽ എത്തിയ സേബ ലാസറെ പുറത്തുവരികയെന്ന് ഉറക്കെപ്പറഞ്ഞു.

വി. ദിലീപിന്റെ സ്വവർഗം എന്ന കഥയിലും സമൂഹത്തിന്റെ ഉള്ളറകളിൽ അന്തർലീനമായിരിക്കുന്ന സ്വവർഗാനുഭൂതിതലങ്ങളെ വിവരിച്ചിട്ടുണ്ട്. സ്വവർഗാനുരാഗത്തെ പരസ്യമായി ആരും അംഗീകരിക്കുകയില്ലെങ്കിലും രഹസ്യമായി ഇവയെല്ലാം സമൂഹത്തിന്റെ അകത്തളങ്ങളിലുണ്ടെന്ന് ഈക്കഥ വ്യക്തമാക്കിത്തരുന്നു. ഈക്കഥയിലെ നായകപ്രധാനമായ കഥാപാത്രമാണ് ഭാസ്ക്കരേട്ടൻ. നാട്ടുകാരുടെ കണ്ണിൽ മോശസ്വഭാവക്കാരനും കുണ്ടനെകൊണ്ടു നടക്കുന്ന സ്വർവഗാനുരാഗിയുമാണ് ഭാസ്ക്കരേട്ടൻ. എന്നാൽ ഭാസ്ക്കരേട്ടൻ യഥാർത്ഥ നന്മയുടെ പ്രതിരൂപമാണ്. വിവാഹദിനം ഭാര്യ മറ്റൊരാളെ പ്രേമിക്കുന്നുണ്ടെന്നറിഞ്ഞ് അവന് വിവാഹം കഴിച്ചുനൽകിയവനാണ് ഭാസ്ക്കരേട്ടൻ. മരിച്ചുപോയ ജേഷ്ഠന്റെ ഭാര്യയെയും മക്കളെയും പൊന്നുപോലെ സംരക്ഷിക്കുന്നവനാണ്. അയാൾ പാവങ്ങൾക്ക് എല്ലാ ദിവസവും വയറുനിറച്ച് അന്നം നൽകുന്ന ദാനധർമ്മിയായിരുന്നു ഭാസ്ക്കരേട്ടൻ. എന്നാൽ സമൂഹം അയാളെ തെറ്റിദ്ധരിപ്പിച്ച് സ്വവർഗാനുരാഗിയായി മുദ്രകുത്തുകയാണ്. ഇതിന് മുൻകയ്യെടുക്കുന്ന അശോകൻ അനുജന്റെ ഭാര്യയെ കടന്നുപിടിച്ചവനാണ്. കരപ്രമാണിമാരായ പലരും കുണ്ടൻമാരെ കൂടെക്കൊണ്ടുനടക്കുന്നവരാണ്. 'അക്കാലത്ത് നഗരത്തിലെ പല പ്രമാണിമാർക്കും സ്വന്തമായി തെങ്ങിൻ തോപ്പും കുണ്ടന്മാരുമുണ്ട്. ടൗൺ ഹാളിലെ മാപ്പിള ഗാനസന്ധ്യകളിൽ ഇവർ കുണ്ടന്മാരെയും കൂട്ടിവരും. ഞാനും മഹമൂദും എത്രകണ്ടിരിക്കുന്നു' എന്ന് കഥയിൽ സൂചിപ്പിച്ചിട്ടുണ്ട്. ഭാര്യയെ പട്ടിയെപോലെ വീട്ടിൽ വളർത്തുന്ന മുകുന്ദൻ മേസ്തിരിയുടെ കാഴ്ചപ്പാടിലും ഭാസ്ക്കരേട്ടൻ വൃത്തികെട്ട മനുഷ്യൻതന്നെ. അശോകനും മുകുന്ദനുമെല്ലാം തങ്ങളെ ബാധിച്ചിരിക്കുന്ന ലൈംഗികവൈകൃതങ്ങളെ മറയ്ക്കാൻ ഭാസ്ക്കരേട്ടനെ ബലിയാടാക്കുകയാണ് ചെയ്യുന്നത് എന്ന് കഥാകൃത്ത് അവസാനം പറഞ്ഞുവയ്ക്കുന്നു.

**ഉപസംഹാരം**

നിലനിൽക്കുന്ന യാഥാസ്ഥിതിക നിലപാടുകളെ പൊളിച്ചെഴുതി തുറന്നെഴുത്തിന്റെ പ്രത്യയ ശാസ്ത്രമാണ് സമകാലിക കഥാകാരൻമാർ പിന്തുടരുന്നത്. എല്ലാം അനാവൃതമാക്കുന്ന സ്വാതന്ത്ര്യത്തിന്റെ ലഹരി അവരുടെ രചനകളിലുണ്ട്. അതുപോലെ എല്ലാ പരിധികളും ആവാഹിച്ച് ആഘോഷമാക്കുന്ന ആഖ്യാന രീതിയാണ് ഇവരുടെ മുഖമുദ്ര. ലൈംഗികതയെ ആചരിക്കാനുള്ളതും, പ്രവർത്തിക്കാനുള്ളതും, ആഘോഷമാക്കാനുള്ളതും, ലഹരിയാക്കാനുള്ളതും ആണെന്ന വിശാല സ്വാതന്ത്ര്യബോധമാണ് ഇവരെ നയിക്കുന്നത്. അതായത് അതിരുകളില്ലാത്ത സ്വാതന്ത്ര്യത്തിന്റെ വിവിധ തലങ്ങളും വിമതലൈംഗിക രാഷ്ട്രീയവും ഈ സമകാലിക കഥാകാരൻമാർ പിന്തുടരുന്നു എന്നർത്ഥം.അത് ഏറെ വിപ്ലവപരവും കഥയെഴുത്തിന്റെ നവഭാവുകത്വത്തെ അനാച്ഛാദനം ചെയ്യുന്നവയുമാണ് .

അടിക്കുറിപ്പുകൾ

1. പ്രമോദ് രാമൻ, 'രതിമാതാവിന്റെ പുത്രൻ', മാതൃഭൂമി ബുക്സ്, കോഴിക്കോട്, 2011, പുറം 9.
2. അതിൽത്തന്നെ, പുറം 32.